"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - എഞ്ചിനീയറിങ് വിഭാഗം - തിരുവനന്തപുരം കോർപ്പറഷൻ- ജി.ജി. ഹോസ്പിറ്റലിന് സമീപം കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെയുള്ള കോർഡിയൽ ഹോംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ഫ്ലാറ്റിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ KCS(CC&A) ചട്ടങ്ങളിലെ ചട്ടം 15, KSR Part III Rule 59(d) എന്നിവ പ്രകാരമുള്ള ഔപചാരിക അന്വേഷണം- അന്വേഷണ ഉദ്യോഗസ്ഥനെ നിയോഗിച്ച് -ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2827/2025/LSGD തീയതി,തിരുവനന്തപുരം, 17-11-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 10/03/2023-ലെ ഇ1 (എസ്.സി-29/2022/എസ്.ആർ.ടി) 27735/2022/ഡിവിഎസിബി നമ്പർ കത്ത്.
2. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)ന്റെ 13/03/2024-ലെ CTPVIG/693/23 നമ്പർ റിപ്പോർട്ട്.
3. 22/07/2024-ലെ ഇഡബ്ല്യൂഎ1/47/2024 നമ്പർ കുറ്റപത്രം, കുറ്റാരോപണ പത്രിക.
4. 22/07/2024-ലെ ഇഡബ്ല്യൂഎ1/47/2024 നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 11/08/2025-ലെ LSGD/PD /27700/ 2024-VIGA2 നമ്പർ കത്ത്.
6. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ലിജു എൽ.എസ്., അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ജീവൻ പി., സൂപ്രണ്ടിംഗ് എഞ്ചിനീയർ(Rtd) ശ്രീ. രാജൻ എം.വി, എക്സിക്യൂട്ടീവ് എൻജിനീയർ(Rtd) ശ്രീ. സിറിൽ വിമൽ മെൻഡസ്, രണ്ടാം ഗ്രേഡ് ഓവർസിയർ ശ്രീ. അനിൽകുമാർ എസ് (Rtd) എന്നിവർ സമർപ്പിച്ച യഥാക്രമം 02/09/2025, 19/09/2025, 09/09/2025, 17/09/2025 എന്നീ തീയ്യതികളിലെ പ്രതിവാദപത്രിക.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം കോർപ്പറേഷനിൽ ജി.ജി. ഹോസ്പിറ്റലിന് സമീപം കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെയുള്ള കോർഡിയൽ ഹോംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ഫ്ലാറ്റിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ കുറ്റാരോപിതരായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ലിജു എൽ.എസ്., അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ജീവൻ പി. എന്നിവർക്കെതിരെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിനശിക്ഷയുള്ള കുറ്റപത്രം നൽകിയും, വിരമിച്ച ഉദ്യോഗസ്ഥരായ രണ്ടാം ഗ്രേഡ് ഓവർസിയർ ശ്രീ. അനിൽകുമാർ എസ്., എക്സിക്യൂട്ടീവ് എൻജിനീയർ ശ്രീ. സിറിൽ വിമൽ മെൻഡസ്, സൂപ്രണ്ടിംഗ് എഞ്ചിനീയർ ശ്രീ. രാജൻ എം.വി. എന്നിവർക്കെതിരെ KSR Part III Rule 59(d) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയും അച്ചടക്ക നടപടി സ്വീകരിക്കുവാൻ തീരുമാനിക്കുകയും അതനുസരിച്ച് നിലവിൽ സർവീസിലുള്ള ഉദ്യോഗസ്ഥർക്കെതിരെ പരാമർശം (3) പ്രകാരം കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകുകയും, വിരമിച്ച ഉദ്യോഗസ്ഥർക്കെതിരെ പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസും നൽകിയിരുന്നു. കുറ്റാരോപിതർ പരാമർശം (6) പ്രകാരം സമർപ്പിച്ച എതിർവാദ പത്രികളിൽ ആരോപണങ്ങൾ നിഷേധിച്ചിട്ടുണ്ട്.

2.മേൽ സാഹചര്യത്തിൽ ഇക്കാര്യത്തിൽ KCS(CC&A) ചട്ടങ്ങളിലെ ചട്ടം 15, KSR Part III Rule 59(d) പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിലേക്ക് **ശ്രീ.സുബ്രമണ്യൻ കെ.സി. (പെൻ-439220)**, (Superintending Engineer, LSGD South Circle, Thiruvananthapuram)-**യെ** ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു.

3. അന്വേഷണ ഉദ്യോഗസ്ഥൻ ഔപചാരിക അന്വേഷണത്തിന്റെ എല്ലാ നടപടിക്രമങ്ങളും പാലിച്ച് **രണ്ട് ആഴ്ചയ്ക്കുള്ളിൽ** സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്
.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLEY
അണ്ടർ സെക്രട്ടറി

1. ശ്രീ.സുബ്രമണ്യൻ കെ.സി. (പെൻ - 439220), Superintending Engineer, LSGD South Circle, Thiruvananthapuram (പരാമർശിത രേഖകളുടെ പകർപ്പുകൾ ഉൾപ്പടെ ) **തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം അടിയന്തിര തുടർ നടപടികൾക്കായി)**
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്**(തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)**
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.(അടിയന്തര തുടർനടപടിയ്ക്കായി)

4. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തൃശ്ശൂർ .
5. വെബ് &ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ഫയൽ നം. EWA1/47/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 17-11-2025 16:15:54

സെക്ഷൻ ഓഫീസർ